**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6034** **09-11-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യത്തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ തുടർച്ചയായ പ്രകൃതി ദുരന്തങ്ങളുടെയും വർദ്ധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ, വ്യാവസായികത്തോട്ടങ്ങൾ, സ്വകാര്യത്തോട്ടങ്ങൾ എന്നിവ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്ന പദ്ധതി പ്രകാരം 2015-21 കാലയളവിൽ എത്ര ഭൂമി സ്വാഭാവിക വനങ്ങളായി മാറിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ? | (എ) | കേരളത്തിൽ തുടർച്ചയായ പ്രകൃതി ദുരന്തങ്ങളുടെയും വർദ്ധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ, വ്യാവസായികത്തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്ന പദ്ധതി പ്രകാരം 2015-21 കാലയളവിൽ സ്വാഭാവിക വനങ്ങളായി മാറിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം - 1 ആയി ചേർക്കുന്നു. റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാമിന്റെ ഭാഗമായി വനംവകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. 14.11.2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 483/2018/പി&ഇഎ നമ്പർ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിയ്ക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെൻറ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻറ്സ്) ആക്റ്റ്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻറ് അക്വിസേഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെൻറ് ആക്റ്റ്, 2013 പ്രകാരമോ 1450.1688 ഹെക്ടർ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന എസ്റ്റേറ്റുകളുടെ പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു. ഏറ്റെടുക്കലിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ എസ്റ്റേറ്റ് ഉടമകളുമായി പ്രാരംഭ ചർച്ചയും ബന്ധപ്പെട്ട രേഖകളുടെ പരിശോധനയും ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിച്ച ശേഷം മാത്രമേ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് |

| | | | |
|---|---|---|---|
| | | | സ്വാഭാവിക വനങ്ങളായി മാറ്റുന്ന നടപടി ക്രമങ്ങൾ ആരംഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| ക്രമ നമ്പർ | ജില്ല/ വനം ഡിവിഷൻ | വ്യാവസായിക ത്തോട്ടങ്ങൾ സ്വാ ഭാവിക വനങ്ങ ളാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഭൂമി യുടെ അളവ്. | റിമാർക്സ് |
|---|---|---|---|
| 1. | കൊല്ലം | 7 ഹെക്ടർ | കൊല്ലം ജില്ലയിൽ 23.10 ഹെക്ടർ ഭൂമി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| 2. | പത്തനംതിട്ട | 9 ഹെക്ടർ | |
| 3. | ഇടുക്കി / മൂന്നാർ വനം ഡിവിഷൻ | 49 ഹെക്ടർ | മൂന്നാർ റെയിഞ്ചിലെ വട്ടപ്പാറ-വാറ്റിൽ സ്വാഭാവിക പുനരുത്ഭവം - 10 ഹെക്ടർ, 1991 ഇഡ്ഡലിമൊട്ട Bit I -വാറ്റിൽ — 15 ഹെക്ടർ, 1991 ഇഡ്ഡലിമൊട്ട Bit II-വാറ്റിൽ — 21 ഹെക്ടർ, ദേവിക്കുളം റെയിഞ്ചിൽ 1991 വാറ്റിൽ പുതുക്കുടി- 3 ഹെക്ടർ |
| 4. | ഇടുക്കി/ മറയൂർ വനം ഡിവിഷൻ | 30 ഹെക്ടർ | പോത്തടി - വാറ്റിൽ സ്വാഭാവിക പുനരുത്ഭവം. |
| 5. | എറണാകുളം/ കോതമംഗലം വനം ഡിവിഷൻ | 68.77 ഹെക്ടർ | 2003 അക്കേഷ്യ, മാഞ്ചിയം, പുന്നേക്കാട്, തട്ടേക്കാട് സെക്ഷൻ. |
| 6. | തൃശ്ശൂർ / തൃശ്ശൂർ വനം ഡിവിഷൻ | 140.5 ഹെക്ടർ | തൃശ്ശൂർ വനം ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിലെ കുറ്റിമരുത് പ്രദേശത്ത് 10 ഹെക്ടറും, ചെമ്പിക്കുന്ന്-കുറ്റിമരുത് പ്രദേശത്ത് 130.5 ഹെക്ടറും സ്വാഭാവിക വനങ്ങളാക്കിയിട്ടുണ്ട്. |

| ക്രമ നമ്പർ | ജില്ല/ വനം ഡിവിഷൻ | വ്യാവസായിക ത്തോട്ടങ്ങൾ സ്വാ ഭാവിക വനങ്ങ ളാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഭൂമി യുടെ അളവ്. | റിമാർക്ക്സ് |
|---|---|---|---|
| 7. | മലപ്പുറം/ നിലമ്പൂർ നോർത്ത് വനം ഡിവിഷൻ | 32.5 ഹെക്ടർ | |
| 8. | പാലക്കാട്/ നെന്മാറ വനം ഡിവിഷൻ | 7 ഹെക്ടർ | |
| 9. | വയനാട് / സൗത്ത് വയ നാട് വനം ഡിവിഷൻ | 199 ഹെക്ടർ | 2017-18 വർഷത്തിൽ അടക്കിമുറി നടത്തിയ കൽപ്പറ്റ റെയിഞ്ചിലെ സുഗന്ധഗിരി സെക്ഷനിലെ 1992 പാറത്തോട് യൂക്കാലിപ്റ്റ്സ് പ്ലാന്റേ ഷൻ (95 ഹെക്ടർ), 1997 കൊഞ്ചേ തിക്കുന്ന് യൂക്കാലി പ്ലാന്റേഷൻ (56 ഹെക്ടർ), 1996 കൊച്ചുമല യൂക്കാലി പ്ലാന്റേഷൻ (48 ഹെക്ടർ) |
| 10. | വയനാട് / നോർത്ത് വയ നാട് വനം ഡിവിഷൻ | 13.5 ഹെക്ടർ | ഒണ്ടയങ്ങാടി തേക്ക് & സോഫ്റ്റ് വുഡ് പ്ലാന്റേഷൻ (എഫക്ടീവ് ഏരിയ 3.5 ഹെക്ടർ), 2021-22 വർഷത്തിൽ അമ്പലക്കണ്ടി അക്കേ ഷ്യ പ്ലാന്റേഷൻ (7 ഹെക്ടർ), കക്കോലംകുന്ന് അക്കേഷ്യ പ്ലാന്റേഷൻ (3 ഹെക്ടർ) എന്നിവിട ങ്ങളിൽഎക്കോ റസ്റ്റോറേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. |
| 11. | കാസർഗോഡ് | 121.2 ഹെക്ടർ | കാസർഗോഡ് ജില്ലയിൽ 105.2 ഹെക്ടർ വിസ്തൃതിയുള്ള 11 അക്കേഷ്യാ, മാഞ്ചിയം തോട്ടങ്ങൾ വെട്ടി മാറ്റി സ്വാഭാവിക വനമാക്കു ന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടു ണ്ട്. കൂടാതെ 1956 തേക്ക് തോട്ടം അടക്കിമുറി നടത്തിയ സ്ഥലത്ത് 2020 വർഷം 16 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്ന പദ്ധതി പ്രകാരം 22,779 എണ്ണം വിവിധയിനം തൈകൾ നട്ടിട്ടുണ്ട്. |

# അനുബന്ധം-2

## റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോജക്റ്റ്

### ഏറ്റെടുക്കുന്ന സ്വകാര്യ എസ്റ്റേറ്റുകളുടെ പട്ടിക

| ഡിവിഷൻ | ക്രമ നമ്പർ | എസ്റ്റേറ്റിന്റെ പേര് | ആകെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| ശെന്തുരുണി വൈൽഡ്‌ലൈഫ് | 1 | കല്ലാർ | 291.2000 |
| | 2 | റോക്ക് വുഡ് | 152.7000 |
| | | **ആകെ** | **443.9000** |
| പെരിയാർ ഈസ്റ്റ് ഡിവിഷൻ | 3 | ടൗൺറ്റോൺ/ പച്ചക്കാനം എസ്റ്റേറ്റ് | 208.7497 |
| | | **ആകെ** | **208.7497** |
| സൈലന്റ് വാലി നാഷണൽ പാർക്ക് | 4 | നൂറ് ഏക്കർ കെ.പി. എസ്റ്റേറ്റ് | 40.4690 |
| മണ്ണാർക്കാട് | 5 | മണ്ണാർക്കാട് റബ്ബർ എസ്റ്റേറ്റ് | 101.1740 |
| | | **ആകെ** | **141.6430** |
| | | **ആകെ സംരക്ഷിത മേഖല** | **794.2927** |
| തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷൻ | 6 | മഹാവീർ എസ്റ്റേറ്റ്, ബോണക്കാട് | 498.1295 |
| | | **ആകെ** | **498.1295** |
| സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ | 7 | സി.ആർ എസ്റ്റേറ്റ് (തരിയോട്) | 57.1790 |
| | | **ആകെ** | **57.1790** |
| നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ | 8 | മക്കിമല സരോജ എസ്റ്റേറ്റ് | 34.3300 |
| | 9 | മലൻതോട്ടം തിരുനെല്ലി | 6.8804 |
| | 10 | ഇടയൂർ തിരുനെല്ലി | 0.2266 |
| | | | 2.9293 |
| | | | 0.3561 |
| | 11 | ബാണാസുര പ്ലാന്റേഷൻ, വെള്ളമുണ്ട | 6.0625 |
| | 12 | നരിപ്പാറ | 0.3927 |
| | | | 8.9100 |
| | 13 | ചെറുമുണ്ടേരി | 40.4800 |
| | | **ആകെ** | **100.5676** |
| | | **ആകെ** | **1450.1688** |